ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
0471 2561314

നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം- ഈ വകുപ്പിന് കീഴിലുള്ള പോളിടെക്ക്നിക്കുകളിൽ **30.10.2026** വരെ അസിസ്റ്റൻറ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ ജീവനക്കാരുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റ്- പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

ജീവനക്കാര്യം (ജി) വിഭാഗം

നം. DTETVM/6998/2026-EG3 (EG) **തിരുവനന്തപുരം, തീയതി : 23-11-2026**

വായന :- **1. G.O(P) N.O.503/2012/H.Edn dated 12.10.2012.**
2. 30-10-2026 ലെ ഇതേ നമ്പർ സർക്കുലർ.

ഉത്തരവ്

ഈ വകുപ്പിന് കീഴിലുള്ള പോളിടെക്ക്നിക്കുകളിൽ **30.10.2026** വരെ അസിസ്റ്റൻറ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതും ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് യോഗ്യരായവരുമായ ജീവനക്കാരുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അനുബന്ധമായി ചേർത്തിരിക്കുന്നു.

ബന്ധപ്പെട്ട ജീവനക്കാർ പ്രസ്തുത താത്കാലിക സീനിയോറിറ്റി ലിസ്റ്റ് പരിശോധിക്കേണ്ടതും, ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ, അവ നിശ്ചിത മാതൃകയിൽ തയ്യാറാക്കി, പരാതിയെ സാധൂകരിക്കുന്ന ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം, ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് **10** ദിവസത്തിനകം സ്ഥാപനമേധാവി മുഖേന ഈ ഓഫീസിൽ ലഭിക്കത്തക്കവിധം സമർപ്പിക്കേണ്ടതുമാണ്.

സ്ഥാപന മേധാവികൾ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് സ്വയം പരിശോധിച്ചു ബോദ്ധ്യപ്പെടുന്നതോടൊപ്പം ആയത് ബന്ധപ്പെട്ട ജീവനക്കാരെ കാണിച്ചു ബോദ്ധ്യപ്പെടുത്തിക്കൊള്ളേണ്ടതും ജീവനക്കാർ തയ്യാറാക്കി സമർപ്പിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി മേൽപ്പറഞ്ഞ സമയക്ലിപ്തത പാലിച്ച് ഈ ഓഫീസിൽ എത്തിക്കേണ്ടതും ആകുന്നു.

Digitally signed by
ANI ABRAHAM
Date: 23-11-2026
12:25:07

ANI ABRAHAM
SENIOR JOINT DIRECTOR (PS)

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് / സ്ഥാപന മേലധികാരികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. സൂപ്രണ്ട്, EB സെക്ഷൻ.
3. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (പ്രസിദ്ധീകരണത്തിന്)

PROVISIONAL SENIORITY LIST OF ASSISTANT INSTRUCTORS IN SHORTHAND WORKING IN VARIOUS POLYTECHNIC COLLEGES UNDER THIS DEPARTMENT AND ELIGIBLE FOR PROMOTION TO THE POST OF INSTRUCTOR IN SHORTHAND

Sl. No.	Name	PEN	Date of Birth	Qualification		Mode of Appointment	Date of Advice / Appointment / Joining	Date of Joining	Date of declaration of probation	Remarks
				General	Technical					
1	ARYA V	1010918	15.09.1998	B.Com	Diploma in Commercial Practice	PSC	26.05.2025	04.07.2025	not declared	

Sd/-
Ani Abraham
Senior Joint Director (PS)